ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഹ്യൂമൻ റിസോഴ്സസ് ഡെവെലപ്മെൻറ്
ചാക്ക തിരുവനന്തപുരം-24

ഐഎച്ച്ആർഡി/237/2024-ഡിഎ2 തീയതി : 20.03.2024

## പരിപത്രം

വിഷയം:- ഐഎച്ച്ആർഡി കോളേജുകളിൽ ലിംഗ-നിരപേക്ഷ (ജൻഡർ ന്യൂട്രൽ) യൂണിഫോം നടപ്പിലാക്കുന്നത് സംബന്ധിച്ച്

സൂചന:- 1. 28.02.2024ന് കൂടിയ ഐഎച്ച്ആർഡിയുടെ 25 മത് ഗവേർണിംഗ് ബോഡിയുടെ യോഗത്തിന്റെ മിനിറ്റ്സ്

2. ഈ ഓഫീസ് ഉത്തരവ് നം.ഡിഎ1/949/2023/എച്ച്ആർഡി തീയതി 14.03.2024

ഐഎച്ച്ആർഡിയുടെ 25 മത് ഗവേർണിംഗ് ബോഡിയുടെ യോഗം ഐഎച്ച്ആർഡി എഞ്ചിനീയറിംഗ് കോളേജുകളിൽ നിലവിലെ യൂണിഫോം മാറ്റി ലിംഗ-നിരപേക്ഷ (ജൻഡർ ന്യൂട്രൽ) യൂണിഫോമായ കറുത്ത പാന്റ്സും ഇളം നീല അര കൈ ഷർട്ടും ഏർപ്പെടുത്തിയത് സാധൂകരിച്ചു.

മേൽ പറഞ്ഞ യോഗത്തിൽ ഐഎച്ച്ആർഡിയുടെ മറ്റു വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ നിലവിൽ യൂണിഫോം ഉള്ള കുട്ടികൾക്ക് എഞ്ചിനീയറിംഗ് കോളേജിൽ നടപ്പിലാക്കിയ തരത്തിൽ ലിംഗ-നിരപേക്ഷ (ജൻഡർ ന്യൂട്രൽ) യൂണിഫോം (കറുത്ത പാന്റ്സും ഇളം നീല അര കൈ ഷർട്ടും) ഏർപ്പെടുത്താനും തീരുമാനിച്ചിട്ടുണ്ട്. എന്നാൽ, യൂണിഫോം നിലവിൽ ഏർപ്പെടുത്തിയിട്ടില്ലാത്ത കുട്ടികൾക്ക് ഇതു ബാധകമല്ല.

ഈ സാഹചര്യത്തിൽ ഐഎച്ച്ആർഡിയുടെ സ്ഥാപന മേധാവികൾ വരുന്ന അക്കാദമിക് വർഷാരംഭത്തിൽ (2024-25) ഈ മാറ്റം നടപ്പിലാക്കേണ്ടതാണ്. ഈ പരിപത്രം ലഭിച്ച വിവരം ഇമെയിലായി ഹെഡ് ഓഫീസിൽ അറിയിക്കേണ്ടതാണ്.

ഡയറക്ടർ

പകർപ്പ്

1.എല്ലാ സ്ഥാപന മേധാവികൾക്കും
2.അക്കാഡമിക് കോഓർഡിനേറ്റർ
3.അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ
4.ഫിനാൻസ് ഓഫീസർ
5. കരുതൽ ഫയൽ
6. ഓഫീസ് കോപ്പി